05/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 161(6)/2021 *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.1748/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 22.12.2021**

**ശ്രീ. ജയാനന്ദൻ എൻ,**
**മംഗലശ്ശേരി വീട്,**
**കട്ടയിൽ, ഓടനാവട്ടം പി.ഒ,**
**കൊല്ലം – 691 512.** — **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,**
   **അണ്ടർ സെക്രട്ടറി,**
   **കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ,**
   **പട്ടം, തിരുവനന്തപുരം – 695 004.**
2. **അപ്പീൽ അധികാരി ,**
   **ജോയിന്റ് സെക്രട്ടറി,**
   **അഡൈ്വസ് (ലിറ്റിഗേഷൻ),**
   **കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ,**
   **പട്ടം, തിരുവനന്തപുരം – 695 004.**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28/10/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/12/2019, 27/12/2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21/12/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/01/2020 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25/01/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/01/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/04/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/06/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021<br>കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജയാനന്ദൻ എൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന്റെ മറുപടിയിൽ ചോദ്യം നമ്പർ 2a, 2b, 3, 6, 8, 9, 10, 11, 12 എന്നിവയ്ക്ക് വ്യക്തമായ മറുപടി ലഭ്യമായില്ലെന്നും ആയതിനാൽ വിവരാവകാശ നിയമപ്രകാരം നൽകാവുന്ന വിവരങ്ങൾ നൽകാതിരിക്കുകയും മന:പൂർവ്വം തെറ്റായ വിവരങ്ങൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 01.05.2011 മുതൽ 31.12.2014 വരെയുള്ള കാലയളവിൽ ബഹു. ചെയർമാനെ നേരിൽ സന്ദർശിച്ചവരുടെ പേരും വിലാസവും രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ നേരിട്ട് പരിശോധിക്കുന്നതിനുള്ള അനുവാദവും ആവശ്യപ്പെടുന്ന പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്നതിനും

2) ബഹു. കമ്മീഷന്റെ 13.07.2016 തീയതിയിലെ Estt III (I) 27308/12 നമ്പറിലുള്ള പ്രൊബേഷൻ ഡിക്ലറേഷൻ ഉത്തരവിനുള്ള അപേക്ഷ ബഹു. കമ്മീഷന്റെ ആസ്ഥാന ഓഫീസിൽ ലഭിച്ചത് ഏത് തീയതിയിലാണ് എന്നും ഇതിൽ 3 ഉപചോദ്യങ്ങളും

3) ഹർജിക്കാരനെതിരെ ബഹു. കമ്മീഷന്റെ വിജിലൻസ് അന്വേഷണ വിഭാഗം നടത്തിയ വി.ഇ. 29/11 നമ്പറിലുള്ള അന്വേഷണ ഫയൽ നേരിട്ട് പരിശോധിക്കുന്നതിനുള്ള അനുവാദവും ആവശ്യപ്പെടുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിങ്ങനെ 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 03.12.2019, 27.12.2019 എന്നീ തീയതികളിൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 21.12.2019 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 29.01.2020 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 28.05.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ 03.12.2019 ലും ശേഷിച്ച വിവരങ്ങൾ 27.12.2019 ലും നൽകിയിരുന്നെന്നും ടി വിവരങ്ങളിൽ അതൃപ്തി രേഖപ്പെടുത്തി യാണ് ടിയാൻ 21.12.2019 ൽ അപ്പീൽ സമർപ്പിച്ചതെന്നും ആയതിന് അപ്പീൽ അധി കാരി വസ്തു നിഷ്ഠവും നിയമാനുസൃതവുമായ വിവരങ്ങൾ 29.01.2020 ൽ നൽകിയിരുന്നെന്നും ആയതിൻ പ്രകാരം 07.02.2020 ൽ ഹർജിക്കാരൻ ഓഫീ സിൽ നേരിട്ട് ഹാജരായി ഫയൽ പരിശോധിച്ച് ആവശ്യപ്പെട്ട പകർപ്പുകൾക്കായി നിശ്ചിത ഫീസൊടുക്കി പകർപ്പുകൾ കൈപ്പറ്റിയെന്നുമാണ്. ഒന്നാം എതിർകക്ഷി നൽകിയ വിവരാവകാശ അപേക്ഷാ മറുപടികളിൽ അതൃപ്തി രേഖപ്പെടുത്തി ടിയാൻ 07.01.2020 ൽ അപ്പീലധികാരിക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് 26.02.2020 ൽ മറുപടി നൽകിയെന്നും ടി വിവരാവകാശ അപേക്ഷകളുടെ തുർച്ച യായി ടിയാൻ 15.01.2020 ൽ വീണ്ടും അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് 15.02.2020 ലും 24.02.2020 ലെ അപ്പീലപേക്ഷയ്ക്ക് 08.06.2020 ലും മറുപടി നൽകി യിട്ടുള്ളതായാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർക ക്ഷികൾ മറുപടി ലഭ്യമാക്കിയതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ലാ ത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതായി കാണുന്ന ത്. 17.12.2021 ൽ കമ്മീഷൻ നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ നൽകാൻ കഴിയുന്ന ലഭ്യമായ വിവരങ്ങളെല്ലാം നൽകിയിട്ടുള്ളതായി ഒന്നാം എതിർകക്ഷിയുടെ മൊഴിയിലും രണ്ടാം എതിർകക്ഷിയുടെ 28.05.2021 ലെ റിപ്പോർട്ടിലും പറയുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യങ്ങളിൽ 3, 9 എന്നിവയ്ക്ക് അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട രേഖകൾ രഹസ്യ സ്വഭാ വമുള്ളതിനാൽ നൽകാൻ കഴിയില്ല എന്ന മറുപടി നീതിന്യായ വ്യവസ്ഥയ്ക്ക് എതിരാണെന്നും ആയതിനാൽ പ്രസ്തുത ഫയലുകൾ പരിശോധിക്കുന്നതിനും ആവശ്യപ്പെടുന്ന രേഖകളുടെ പകർപ്പുകൾ നൽകണമെന്നും ചോദ്യം നം. 8 ന് നൽകിയിരിക്കുന്ന മറുപടി അവ്യക്തമാണെന്നും ചോദ്യം നം. 12 ന് വസ്തു

നിഷ്ഠമായ മറുപടിയല്ല നൽകിയിരിക്കുന്നത് എന്നുമാണ് ഹർജിക്കാരന്റെ മൊഴിയിൽ പറയുന്നത്. ഇരു കക്ഷികളേയും കമ്മീഷൻ വിശദമായി കേൾക്കുകയുണ്ടായി. ഹർജികക്ഷി പി.എസ്.സി. യിൽ അണ്ടർ സെക്രട്ടറിയായി 31.12.2018 ൽ വിരമിച്ച ആളാണ്. ചട്ടപ്രകാരം ഹർജിക്കാരന് ലഭിക്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങളും പെൻഷനും തടഞ്ഞു വച്ചിരിക്കുന്നത് നീതിക്കു നിരക്കാത്ത കൃത്യമാണ്. ടിയാന്റെ ഭാര്യ നൽകിയിട്ടുള്ളതായി പറയപ്പെടുന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് പി.എസ്.സി. ഈ നടപടി സ്വീകരിച്ചിരിക്കുന്നത് എന്നാണ് ടിയാൻ മൊഴിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത നടപടിക്കെതിരെ തന്റെ തടസ്സവാദങ്ങൾ ഉന്നയിക്കുന്നതിനും തന്റെ നിരപരാധിത്വം ബോധ്യപ്പെടുത്തുന്നതിനും ടി വിവരങ്ങളും രേഖകളും അടിയന്തിരമായി ലഭിക്കേണ്ടതാണ് എന്നാണ് ടിയാൻ മൊഴിയിൽ പറഞ്ഞിട്ടുള്ളത് കമ്മീഷൻ ശരിയും ന്യായവുമായി കാണുന്നു. ടിയാനെതിരെയുള്ള പരാതിയുടെ പകർപ്പ് രഹസ്യ സ്വഭാവമുള്ളതിനാൽ നൽകാൻ കഴിയുകയില്ല എന്ന പി.എസ്.സി. വാദം ഒരു തരത്തിലും അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ ഹർജികക്ഷി ആവശ്യപ്പെട്ടിട്ടുള്ള ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുന്നതിനും ആവശ്യമായവയുടെ പകർപ്പുകൾ തികച്ചും സൗജന്യമായും ടിയാന് നൽകേണ്ടതാണ് എന്ന് കമ്മീഷൻ ഉത്തരവാകുന്നു. ടിയാന്റെ അപേക്ഷയിലെ 2, a, b, 3, 8, 9, 12 എന്നീ ഇനങ്ങളിലെ വിവരങ്ങൾ വ്യക്തമായും വിശദമായും ആവശ്യപ്പെട്ട പകർപ്പുകൾ സഹിതം നൽകണം. ടിയാന്റെ 8-ാമത്തെ ഇനത്തിൽ പറഞ്ഞിരിക്കുന്ന അപ്പീൽ പരാതി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നൽകിയത് ചർച്ച ചെയ്യാതെ ചെയർമാൻ നിഷേധിച്ചതായിട്ടുള്ള നടപടിയെ സംബന്ധിച്ച് വ്യക്തമായി മറുപടി നൽകേണ്ടതാണ് എന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

RIGHT TO INFORMATION

VKM